പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 385 | 27.02.2017 ൽ മറുപടി നല്കേണ്ടത് |
|---|---|

**ഭക്ഷ്യ വസ്തുക്കളിലെ മായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിന് സംസ്ഥാനത്ത് എവിടെയെല്ലാം സംവിധാനങ്ങൾ ഉണ്ടെന്നും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോയെന്നും വിശദമാക്കുമോ; | എ) | ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ മൂന്ന് മേഖലാ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാഫുഡ് സേഫ്റ്റി ലാബും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം,കോഴിക്കോട്എന്നീ ലാബുകളുടെ നിയന്ത്രണത്തിൽ രണ്ട് മൊബൈൽ ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഭക്ഷ്യ വസ്തുക്കളുടെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ആവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ ? | ബി) | ഇപ്പോൾ പരിഗണനയിലില്ല. |

Sheeshd

സെക്ഷൻ ഓഫീസർ